നടപടി സ്വീകരിച്ചുവരുന്നുണ്ട്. 13-10-2004-ൽ ബഹു. മുഖ്യമന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗത്തിൽ ഖാദി റിബേറ്റ് കുടിശ്ശികയായിട്ടുള്ള തുക ഗഡുക്കളായി നൽകാനും അതിൽ ഒരു നിശ്ചിതവിഹിതമെങ്കിലും ഈ സാമ്പത്തികവർഷം തന്നെ നൽകുന്നകാര്യവും പരിഗണിയ്ക്കാമെന്ന തീരുമാനം കൈക്കൊണ്ടിരുന്നു. അടുത്തവർഷം ആവർഷത്തേയ്ക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുമെന്നും തീരുമാനിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകൾക്കാവശ്യമായ തുണിത്തരങ്ങൾ ഖാദിമേഖലയിൽ നിന്നും വാങ്ങുന്നതു സംബന്ധിച്ച് നിലവിലുള്ള പ്രശ്നങ്ങൾ പരിശോധിച്ചു വരുന്നു.

ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണവും പരിപാലനവും

18 (*195) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷിംഗ് ഹാർബറുകളുടെ പരിപാലനവും പുതിയ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണവും സംബന്ധിച്ച് സർക്കാർ അവലോകനം നടത്തുകയുണ്ടായോ;

(ബി) നിർമ്മാണത്തിലിരിക്കുന്ന ഫിഷിംഗ് ഹാർബറുകൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം ഫിഷിംഗ് ഹാർബറുകളെ സംബന്ധിച്ചാണ് സാധ്യതാ പഠനം നടത്തിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ എൻവയോൺമെന്റൽ ക്ലിയറൻസ് ലഭിക്കാൻ കാത്തിരിക്കുന്ന ഹാർബർ പദ്ധതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ) ഫിഷിംഗ് ഹാർബറുകളുടെ പരിപാലനവും പുതിയ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണവും സംബന്ധിച്ച് സർക്കാർ അവലോകന യോഗങ്ങൾ നടത്താറുണ്ട്.

(ബി) പൊന്നാനി, മുതലപ്പൊഴി, കായംകുളം, തങ്കശ്ശേരി, വിഴിഞ്ഞം, നീണ്ടകര, തോട്ടപ്പള്ളി എന്നിവയാണ് നിർമ്മാണത്തിലിരിക്കുന്ന ഫിഷിംഗ് ഹാർബറുകൾ. ഇവയിൽ ഭാഗികമായി കമ്മിഷൻ ചെയ്യപ്പെട്ട നീണ്ടകരയിലും തങ്കശ്ശേരിയിലും ഡ്രഡ്ജിംഗ് വർക്കുകൾ പൂർത്തീകരിക്കാനുണ്ട്. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ മിക്കവാറും എല്ലാ ഘടകങ്ങളുടെയും നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. സുനാമി കടൽ ക്ഷോഭത്തിന്റെ ഫലമായി കായംകുളത്തെ വെയ്ബ്രിഡ്ജിന്റെ പ്രവർത്തനം നിലച്ചതിനാൽ പുലിമുട്ടുകളുടെ പണി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. മുതലപ്പൊഴി ഫിഷിംഗ് ഹാർബറിലെ താഴത്തുള്ള ഭാഗത്തുള്ള പുലിമുട്ടിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. പൊന്നാനി ഫിഷിംഗ് ഹാർബറിലെ നിർത്തിവച്ച പുലിമുട്ടു നിർമ്മാണം പുനരാരംഭിക്കാനുള്ള നടപടി സ്വീകരിച്ചു വരികയാണ്. തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ മുഖ്യഘടകമായ പുലിമുട്ടുകളുടെ നിർമ്മാണ ജോലിക്കുള്ള ടെന്റർ നടപടികൾ മിക്കവാറും പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചേറ്റുവ, ചെറുവത്തൂർ, താനൂർ, പരപ്പനങ്ങാടി, അന്ധകാരനഴി, അർത്തുങ്കൽ, ചെല്ലാനം എന്നീ ഫിഷിംഗ് ഹാർബറുളെ സംബന്ധിച്ചാണ് സാദ്ധ്യതാ പഠനം നടത്തിക്കൊണ്ടിരിക്കുന്നത്.

(ഡി) തലായി, കൊയിലാണ്ടി എന്നീ ഫിഷിംഗ് ഹാർബർ പദ്ധതികൾക്ക് കേന്ദ്രഗവൺമെന്റിന്റെ എൻവയോൺമെന്റൽ ക്ലിയറൻസ് കാത്തിരിക്കുകയാണ്.

ലോട്ടറി ജീവനക്കാരുടെ പുനരധിവാസം

19 (*196) ശ്രീ. രാജു എബ്രഹാം :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എല്ലാവിധ ലോട്ടറികളും നിരോധിക്കാനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) കേരള ഭാഗ്യക്കുറി നടത്തുന്നതിനെതിരെ ഏതെങ്കിലും പരാമർശം ഉണ്ടായിട്ടുണ്ടോ;

(സി) കേരള ഭാഗ്യക്കുറി നിരോധിച്ചതുമൂലം എത്ര പേർ നേരിട്ടും അല്ലാതെയും തൊഴിൽ രഹിതരായി;

(ഡി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(എഫ്) ലോട്ടറി വകുപ്പ് നിർത്തിയതുമൂലം പ്രസ്തുത വകുപ്പിൽ തൊഴിൽ രഹിതരായ ജീവനക്കാരെ എപ്രകാരമാണ് പുനരധിവസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) 1998-ലെ കേന്ദ്ര ലോട്ടറി (നിയന്ത്രണ) നിയമത്തിലെ 4-ാം വകുപ്പിലെ ലോട്ടറി നടത്തിപ്പ് സംബന്ധമായ വ്യക്തമായ നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളത്തിൽ അന്യസംസ്ഥാന ലോട്ടറികൾ മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടാണ് ലോട്ടറി നടത്തി വന്നിരുന്നത്. അപ്രകാരം നടത്തി വന്നിരുന്ന ലോട്ടറികൾ കേന്ദ്ര നിയമത്തിനും സംസ്ഥാന സർക്കാരിന്റെ ചട്ടങ്ങൾക്കും വിരുദ്ധമായാണ് പ്രവർത്തിക്കുന്നതെന്ന സംസ്ഥാന ലോട്ടറി ഡയറക്ടറുടെ നോട്ടീസിനെതിരെയും സംസ്ഥാന സർക്കാരിന്റെ കേരളാ സ്റ്റേറ്റ് ലോട്ടറീസ് & ഓൺലൈൻ ലോട്ടറീസ് (റെഗുലേഷൻ) റൂൾസിലെ ചട്ടം 24(3)ൽ നിക്ഷിപ്തമായ അധികാരം ചോദ്യം ചെയ്തുകൊണ്ടും അന്യസംസ്ഥാന ലോട്ടറി ഏജന്റ്മാർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച്, 17-11-2003-ലെ വിധി പ്രകാരം ഡയറക്ടറുടെ നടപടി ശരിവയ്ക്കുകയുണ്ടായി. ഇതിനെതിരെ ഹൈക്കോടതിയുടെ

LIBRARY ARCHIVES Kerala Legislative Assembly